പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1192 12.07.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.റ്റി.സി ബസ്സ് സ്റ്റേഷനുകളിലെ വ്യാപാര സമുച്ചയം

**ചോദ്യം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
" വി.പി.സജീന്ദ്രൻ
" വി.റ്റി. ബൽറാം
" സണ്ണി ജോസഫ്

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രധാന കെ.എസ്.ആർ.റ്റി.സി ബസ്സ് സ്റ്റേഷനുകളിൽ വ്യാപാര സമുച്ചയ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് മുൻ സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | 30 കോടിയോളം രൂപ special package പ്രകാരം പ്രോജക്ട് തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം എന്ന നിലയ്ക്ക് പാല, കോട്ടയം, മൂന്നാർ, നിലമ്പൂർ, ഈഞ്ചക്കൽ, മൂവാറ്റുപുഴ, പയ്യന്നൂർ, മലപ്പുറം, കരുനാഗപ്പള്ളി, തിരുവനന്തപുരം എസ്.ടി.സി, പാലക്കാട്, തൊടുപുഴ, ഹരിപ്പാട്, പത്തനംതിട്ട എന്നി വിടങ്ങളിൽ ബസ്സ് ടെർമിനൽ കം വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി സർക്കാർ തുക അനുവദിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് വ്യാപാര സമുച്ചയ പദ്ധതി വഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി യിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനും യാത്രക്കാരുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനും വളരെ പ്രാധാന്യം നൽകി കോർപ്പറേഷന്റെ അധീനതയിലുള്ള സ്ഥലങ്ങളിൽ ബസ് സ്റ്റേഷനും അനുബന്ധ വ്യാപാര സമുച്ചയങ്ങളും പണിയുകയും, വ്യാവസായിക വാണിജ്യ ആവശ്യങ്ങൾക്കായി ലേലം, ടെണ്ടർ നടപടികളിലൂടെ ഇവ നിയമാനുസൃതം ആവശ്യക്കാർക്ക് നൽകി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. |
| | | | |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ലക്ഷ്യം നേടിയെടുക്കാൻ എന്തെല്ലാം നടപടികളാണ് കൈ ക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കു മോ? | (സി) | നൂതന രീതിയിൽ യാത്രക്കാരായ പൊതു ജനങ്ങളുടെ അടിസ്ഥാന സൗകര്യമുൾ പ്പെടെ വർദ്ധിപ്പിച്ചുകൊണ്ട് മേൽ സൂചിപ്പിച്ച പല സ്ഥലങ്ങളിലും ബസ്സ് ടെർമിനൽ കം വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നത് വഴി കൂടുതൽ യാത്രക്കാരെ ഈ ബസ്സ് സ്റ്റേഷനുകളിലേയ്ക്ക് ആകർഷിക്കുവാൻ സാധിക്കും. ഇപ്രകാരം നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നിവിടങ്ങളിലെ പണി പൂർത്തിയാക്കി വ്യാപാരികൾക്കു വാടകയ്ക്ക് നൽകിയതുവഴി വരുമാനം ലഭിച്ചു തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ